(എ) കുട്ടനാട് വികസന പാക്കേജിന്റെ ഭാഗമായി പുതുതായി എത്ര കോടി രൂപയുടെ ജലസേചന പദ്ധതികൾക്ക് കേന്ദ്ര അംഗീകാരം ലഭിച്ചു എന്നറിയിക്കുമോ ;

(ബി) ഏതൊക്കെ പുനരുദ്ധാരണ പദ്ധതികളാണ് ഇതനുസരിച്ച് നടപ്പിലാക്കുക ;

(സി) കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചശേഷം ഇതുവരെ ആകെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത് എന്നറിയിക്കുമോ ;

(ഡി) ഈ സാമ്പത്തികവർഷാവസാനത്തോടെ ഈ പദ്ധതികളിൽ ഏതൊക്കെ ആരംഭിക്കാനാകുമെന്നറിയിക്കുമോ ;

(ഇ) ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകുംമുമ്പ് ആകെ എത്ര കോടി രൂപയുടെ പുനരുദ്ധാരണപദ്ധതികൾ കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് വികസന പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പിന്റെ കീഴിൽ 143.613 കോടി രൂപയുടെ Kel-I, Kel-II എന്നീ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചശേഷം ജലവിഭവ വകുപ്പിനുകീഴിൽ പദ്ധതികൾക്കായി ഇതുവരെ 143.613 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി&ഇ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള Kel-1, Kel-2 (143.613 കോടി രൂപ) എന്നിവയിൽപ്പെട്ട മിക്ക പ്രവർത്തികളും ആരംഭിച്ചുകഴിഞ്ഞു. കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട മറ്റ് പദ്ധതികൾക്ക് കേന്ദ്രാനുമതിലഭിച്ചാൽ മാത്രമേ ആ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയുള്ളു.

കുട്ടനാട് പാക്കേജ്

96 (546) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കേണ്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) പാടശേഖരങ്ങളുടെ സമഗ്ര നവീകരണത്തിനായി ഇതിനകം നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ ;

(ഇ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിത പെടുത്തുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ അംഗീകരിച്ച കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പുവഴി നടപ്പിലാക്കേണ്ട പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1) തണ്ണീർമുക്കം ബണ്ട് നവീകരിക്കുകവഴി ഓരുവെള്ളം കയറുന്നത് തടയാനും കുട്ടനാടിന്റെ പരിസ്ഥിതി സംതുലിതാവസ്ഥ നിലനിർത്താനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

2) തോട്ടപ്പിള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

3) സി&ഡി ബ്ലോക്കുകളുടെയും റാണി ചിത്തിര ബ്ലോക്കുകളുടെയും ഭാഗത്തുള്ള കായലുകളിലെയും വെള്ളപ്പൊക്കം നിയന്ത്രിക്കുക.

4) ആലപ്പുഴ, ചങ്ങനാശ്ശേരി കനാലിന്റെ തടസ്സങ്ങൾനീക്കി കനാൽ പൂർണ്ണമായും നവീകരിക്കുക.

5) പാടശേഖരങ്ങളുടെ ബണ്ടുകൾ ഉയർത്തുക ബലപ്പെടുത്തുക, മോട്ടോർ ഷെഡ്, പൊതുമട, പൈപ്പ് കൾവർട്ട്, ബോക്സ്കൾവർട്ട് എന്നിവ നിർമ്മിക്കുക.

6) കുട്ടനാടൻ തണ്ണീർതടത്തിലെയും ഓണാട്ടുകര, തുറവൂർ, പട്ടണക്കാട് എന്നീ പ്രദേശങ്ങളിലെയും പുഴകൾ, കനാലുകൾ, ഓടകൾ, കുളങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുക.

7) കരിയാർ പോലെയുള്ള സ്ഥലങ്ങളിലെ 33 ഓരുമുട്ടുകൾക്കുപകരം സ്ഥിരം സംവിധാനം നടപ്പിലാക്കുക.

(ബി) കുട്ടനാട് പാക്കേജ്ൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതി കൾക്കാണ് കേന്ദ്ര സർക്കാർ ഇതിനോടകം അനുമതി നൽകിയിട്ടുള്ളത്.

1) Kel I, (ഗ്രൂപ്പ് I പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ) 2470 ലക്ഷം രൂപ.

2) Kel II (കായൽ പ്രദേശത്തെ പാടശേഖരങ്ങളുടെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ഗ്രൂപ്പ്-9-ലെ 5 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണപ്രവൃത്തികൾക്കും)11891.30 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതികളിൽ Kel I-ൽപ്പെട്ട 14 പാടശേഖരങ്ങളിൽ 7 പ്രവൃത്തികൾക്ക് എഗ്രിമെന്റുവച്ച് പ്രവൃത്തിയാരംഭിച്ചു. ബാക്കി 7 പ്രവൃത്തികൾ ടെണ്ടർ വിളിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Kel II-ൽപ്പെട്ട സി.ഡി., റാണി ചിത്തിര എന്നീ 4 പാടശേഖരങ്ങളുടെ പ്രവൃത്തികൾ നടന്നുവരുന്നു. ഗ്രൂപ്പ് 9-ൽപ്പെട്ട 5 പാടശേഖരങ്ങളുടെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ഡി) പാടശേഖരങ്ങളുടെ സമഗ്ര നവീകരണത്തിനായി ഇതുവരെ 1010 പാടശേഖരങ്ങൾ Flood Management Programme-ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻവേണ്ടി ഏകദേശം 2500 കോടി രൂപയിൽപ്പരംവരുന്ന എസ്റ്റിമേറ്റ് തുകയ്ക്കുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി കേന്ദ്ര സർക്കാർ അനുമതിക്കായി ഇതുവരെ സമർപ്പിച്ചിട്ടുണ്ട്. ബാക്കി പാടങ്ങളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു.

(ഇ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിലാണ്.

ഡാമുകളിൽനിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതി

97 (547) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഡാമുകളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഈ പദ്ധതിക്ക് എന്നാണ് തുടക്കംകുറിച്ചത് ;

(സി) ഈ പദ്ധതി നടപ്പിലാക്കിയശേഷം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്തി എത്രപേർക്ക് ഇതുവരെ തൊഴിലവസരം പ്രദാനം ചെയ്യാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വർഷത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ എത്ര കോടി രൂപ വരുമാനം ഉണ്ടാകുമെന്നാണ് കണക്കാക്കിയിരുന്നത് ;

(ഇ) ഈ പദ്ധതിനടത്തിപ്പിലൂടെ ഈ കാലയളവിൽ ഇതുവരെ എന്ത് വരുമാനം നേടാനായി എന്ന് അറിയിക്കുമോ ;

(എഫ്) വരുംവർഷങ്ങളിൽ ഈ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ ഏതൊക്കെ ഡാമുകളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly